MR. K. S. JOSEPH : മി. പൊന്നയ്യാ നാടാരെ സസ്പെൻഷനിൽ നിറുത്തി എന്നു പറഞ്ഞല്ലൊ. അദ്ദേഹത്തിന്റെ പേരിൽ കൊണ്ടുവന്ന ചാർജ്ജുകളെന്തെല്ലാമെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : മേലധികാരികൾ പറഞ്ഞതിനെ ധിക്കരിച്ചു എന്നുള്ളതാണ് അദ്ദേഹത്തിന്റെ മേലിൽ കൊണ്ടു വന്നിട്ടുള്ള ആരോപണം.

MR. K. P. NILAKANTA PILLAI : അദ്ദേഹം ജോലി രാജി വയ്ക്കുകയുണ്ടായോ?

HON'BLE MR. T. K. NARAYANA PILLAI : അദ്ദേഹം ജോലി രാജി വച്ചു. എന്നാൽ രാജി സ്വീകരിക്കാതെ അദ്ദേഹത്തെ സസ്പെൻഷനിൽ നിറുത്തുകയാണ് ചെയ്തത്.

MR. K. P. NILAKANTA PILLAI : ഏതുദ്യോഗസ്ഥനാണ് അദ്ദേഹത്തെ സസ്പെൻഷനിൽ നിറുത്തിയത്?

HON'BLE MR. T. K. NARAYANA PILLAI : ആ ചോദ്യത്തിനു ഇപ്പോൾ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

MR. P. S. MUHAMMED : ലാത്തിചാർജ്ജ് സംബന്ധമായ കാര്യങ്ങൾ ക്കായിട്ടാണോ അദ്ദേഹത്തെ സസ്പെൻഷനിൽ നിറുത്തുവാനിടയായത്?

HON'BLE MR. T. K. NARAYANA PILLAI : അതുമൈനസ് ഖണ്ഡിതമായി പറയുവാൻ നിവൃത്തിയില്ല. മേലുദ്യോഗസ്ഥൻ പറഞ്ഞ ആജ്ഞയെ അദ്ദേഹം അനുസരിച്ചില്ല എന്നുള്ളതാണ് അദ്ദേഹത്തിന്റെ മേലിൽ കാണുന്ന കുറ്റം.

MR. P. NANU (*Chirayinkil II—General*) : ലാത്തിചാർജ്ജ് നടത്തിയ ഉദ്യോഗസ്ഥനു പ്രമോഷൻ കൊടുക്കരുതെന്നു വല്ല ചട്ടവുമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെ ഒരു ചട്ടം എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ഇൻഡ്യൻ നാളികേരക്കമ്മിറ്റിയുടെ പ്രവർത്തനം.

23. MR. MUHAMMED MUSTAFA : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി അരുളുമോ?

(എ) ഇൻഡ്യൻ നാളികേരക്കമ്മിറ്റിയുടെ പ്രവർത്തനംമൂലം ഈ രാജ്യത്തെ കേരകർഷകർക്ക് എന്തെങ്കിലും സാരമായ ഗുണം ലഭിച്ചിട്ടുള്ളതായി ഗവണ്മെന്റിനു ബോദ്ധ്യമുണ്ടോ?

(ബി) കയർ, കൊപ്ര, വെളിച്ചെണ്ണ എന്നീ കേരോല്പന്നങ്ങൾക്കു പുറംരാജ്യങ്ങളിൽ കൂടുതൽ വില കിട്ടുന്നതിനും കൂടുതൽ വ്യാപനം

LIBRARY ARCHIVES Kerala Legislative Assembly

കം ഉണ്ടാക്കുന്നതിനുമായി ഗവണ്മെൻറ് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ?

(സി) ടി കാര്യത്തിനായി ഇൻഡ്യൻ നാളികേരക്കമ്മറ്റി ഇതിനകം എന്തെങ്കിലും പ്രവർത്തിച്ചിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : (എ) ഉണ്ട്. എങ്ങനെയാണ് ആ ബോദ്ധ്യമുണ്ടായതെന്നുകൂടി വിശദീകരിക്കേണ്ടിയിരിക്കുന്നു. ഇൻഡ്യൻ നാളികേരക്കമ്മിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ തന്നെ മൂന്നായി തിരിക്കാം. ഒന്നാമത്, കായംകുളത്തു് കുണ്ടറയിലും ഒരു റിസർച്ചുസ്റ്റേഷനും നെയ്യാറ്റിൻകര, തൊടുപുഴ, മൂവാറ്റുപുഴ ഈ മൂന്നു താലൂക്കുകളിൽ ഓരോ റീജണൽ റിസർച്ചുസ്റ്റേഷനും സ്ഥാപിച്ചിട്ടുണ്ട്. മുൻപു പറഞ്ഞതു് സെൻട്രൽ റിസർച്ചുസ്റ്റേഷന്റെ കാര്യമാണു്. മൂന്നാമതു് ശരിയായ തേങ്ങാപാകി തിരുവിതാംകൂറിന്റെ എല്ലാഭാഗങ്ങളിലും നല്ല തെങ്ങുകൾ പ്രചരിപ്പിക്കുന്നതിനായി വൈക്കത്തും കഴക്കൂട്ടത്തും ഓരോ കോക്കനട്ട് നഴ്സറിസ് സ്ഥാപിച്ചിട്ടുണ്ട്. ഇതിനും പുറമെ തെങ്ങുമായി സംബന്ധിച്ചുള്ള മാക്കറിനെ വിപുലപ്പെടുത്തുന്നതിനും തെങ്ങിനെ സംബന്ധിച്ചുള്ള ഗവേഷണരീതികൾ എന്തെല്ലാമാണെന്നു് പൊതുജനങ്ങളെ അറിയിക്കുന്നതിനും പര്യാപ്തങ്ങളായ ബുള്ളറിൻ മലയാളത്തിലും ഇംഗ്ലീഷിലും ഈ കമ്മറിയുടെ ആഭിമുഖ്യത്തിൽ അച്ചടിച്ചു പ്രചരിപ്പിക്കുന്നുണ്ട്. ഇങ്ങനെ സ്ഥാപിച്ചിട്ടുള്ള റിസർച്ചുസ്റ്റേഷന്റെയും നഴ്സറിസ്റ്റേഷൻസിന്റെയും ചെലവിൽ ൪൦ ശതമാനം ഈ സെൻട്രൽ കോക്കനട്ട് കമ്മിറ്റിയാണു വഹിക്കുന്നതു്. അതുകൊണ്ടു തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഈ കമ്മിറ്റി സാരമായി പ്രവർത്തിച്ചിട്ടുണ്ടെന്നും ഇവിടത്തെ കേരകർഷകർക്കു് കമ്മിറ്റിയുടെ പ്രവർത്തനംമൂലം ഗുണമുണ്ടായിട്ടുണ്ടെന്നും ഗവർമ്മെൻറിനു ബോദ്ധ്യമുണ്ട്.

(ബി) നടപടി നടത്തിയിട്ടില്ല.

(സി) അറിയാം. ഇതിനെസംബന്ധിച്ചു് ഒരു സംഗതികൂടി ഈ സഭയെ അറിയിക്കേണ്ടതായുണ്ടു്. കോവാപ്പറേറ്റീവു മാർക്കറ്റിംഗ് സൊസൈറ്റി എന്ന പേരിൽ ഒരു സ്ഥാപനം ഇതിനുവേണ്ടി പ്രവർത്തിക്കുന്നുണ്ടു്. എ-എ-എൻ ട്രസ്റ്റ്-ലാണു അതിന്റെ പ്രവർത്തനം ആരം

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana Pillai]

ഭിച്ചത്. ഇൻഡ്യൻനാളികേരക്കമ്മിറ്റി ഇതിന്റെ പ്രവർത്തനം തുടങ്ങുവാൻ വളരെ പ്രേരകമായി നിന്നിട്ടുണ്ട്. ഈ സൊസൈറ്റിയുടെയും, പ്രവർത്തനച്ചെലവിന്റെ ൫൦ ശതമാനം ഇന്ത്യാഗവർമ്മെന്റാണ് വഹിക്കുന്നത്. വൈക്കത്തുള്ള ൫൫൫-ാംനമ്പർ കോവാപ്പറേറ്റീവു സൊസൈറ്റിയെ പരാമർശിച്ചാണ് ഞാൻ പറയുന്നത്. ചില പ്രത്യേക കാര്യപരിപാടികളോടുകൂടി ഈ മാർക്കറ്റിംഗ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്.

MR. MOHAMMED MUSTAFA : ബാംബെ ഗവണ്മെൻറിൽ നിന്നും കയർവ്യവസായം ആരംഭിക്കുന്നതിനായി ഒരു സംഭാരം തുടങ്ങിയിട്ടുള്ള വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE Mr. T. K. NARAYANA PILLAI : ഇതുവരെ അറിഞ്ഞിട്ടില്ല. അതേപ്പറ്റി കൂടുതൽ വിവരം അറിയുവാൻ ഗവണ്മെൻറ് ശ്രമിക്കുന്നതാണ്.

MR. MOHAMMED MUSTAFA : പത്രങ്ങളിൽ ആ വിവരം പ്രസിദ്ധപ്പെടുത്തി കണ്ടതിനെ അടിസ്ഥാനമാക്കി ഗവണ്മെൻറിൽനിന്നും ഇതേപ്പറ്റി കൂടുതൽ അന്വേഷണം നടത്തുമോ?

HON'BLE Mr. T. K. NARAYANA PILLAI : തീർച്ചയായും നടത്താം.

MR. MOHAMMED MUSTAFA : ആ വെളിച്ചത്തിൽ നമ്മുടെ കയർവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിന് എന്തെങ്കിലും ചില പദ്ധതികൂടി ഗവണ്മെൻറ് നടപ്പിൽ വരുത്തുമെന്നാശിക്കാമോ?

HON'BLE Mr. T. K NARAYANA PILLAI : ആ വെളിച്ചത്തിൽ മാത്രമല്ല, എല്ലാവിധത്തിലും ഗവണ്മെൻറിനു അപ്പോഴപ്പോൾ കിട്ടുന്ന അറിവിനെ അനുസ്മരിച്ചു ഇവിടത്തെ കയർവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടതു് ഗവണ്മെൻറിന്റെ അടിയന്തിരമായ ചുമതലയാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ട്.

MR. T. A. ABDULLA : വൈക്കത്തുള്ള കോവാപ്പറേറ്റീവു മാർക്കറ്റിംഗ് സൊസൈറ്റി ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഉണ്ടെന്നാണറിവു്.

MR T. A. ABDULLA : അതിലെ മാനേജരെ പിരിച്ചുവിട്ടിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : എന്റെ സ്നേഹിതൻ മി. മാക്കോസ് കഴിഞ്ഞ ആഴ്ചയിൽ ആ സൊസൈറ്റി പോയി

LIBRARY ARCHIVES Kerala Legislative Assembly

സന്ദർശിച്ചു എന്നു പറയുന്നു. അതുകൊണ്ടു ഇന്നും ആ സൊസൈറ്റി പ്രവർത്തനത്തിൽതന്നെ ഇരിക്കുന്നു എന്നാണു ഗവണ്മെൻറിന്റെ ബോദ്ധ്യം.

MR. T. A. ABDULLA : അവിടെ കൊപ്രാകൊണ്ടുവരുന്ന ആളുകളിൽ നിന്നും കൊപ്രാവാങ്ങിച്ചു്, ആലപ്പുഴയിൽ ചെയ്യുന്നതുപോലെ മറ്റു കച്ചവടക്കാർക്കു ലാഭത്തിനു വിൽക്കുന്ന ജോലിയാണു ആ സൊസൈറ്റി ചെയ്യുന്നതെന്നും അതിൽകവിഞ്ഞൊന്നും ചെയ്യുന്നില്ലെന്നും ഗവണ്മെൻറിനറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : ഈ ചോദ്യം ഇവിടെ സംഗതമാണെന്നു തോന്നുന്നില്ല. അതേപ്പറ്റി അന്വേഷിച്ചിട്ടു ഉത്തരം പറയാവുന്നതാണു്.

MR. P. S. MUHAMMED : കുറെ കൊപ്രായെങ്കിലും ആ സൊസൈറ്റി മൂലം എക്സ്പോർട്ടുചെയ്യുന്നതായി അറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : തീർച്ചയായും അറിയാം. അങ്ങനെ എക്സ്പോർട്ടുചെയ്തിട്ടുള്ള കൊപ്രാ എത്രമാത്രമാണെന്നുള്ള കണക്കുകൂടിക്കൂട്ടി എന്റെ കൈവശമുണ്ടു്.

MR. T. A. ABDULLA : ആ സൊസൈറ്റി തേങ്ങാവാങ്ങിച്ചു് കൊപ്രാ ഉണ്ടാക്കുന്ന ജോലിയാണു ചെയ്യുന്നതെന്നു ഗവണ്മെൻറിനറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : കൊപ്രാ ഉണ്ടാക്കുന്ന ജോലി ആ സൊസൈറ്റി ചെയ്യുന്നുണ്ടായിരിക്കാം. ഏതായാലും കുറെ കൊപ്രാ അവർ കയറുമതി ചെയ്തിട്ടുള്ളതായി അറിയാം.

MR. T. A. ABDULLA : വൈക്കം മുതലായ സ്ഥലങ്ങളിൽ നിന്നും കൊപ്രാ ആലപ്പുഴയിൽ കൊണ്ടുപോയി വിൽക്കുന്നതിനെയാണോ കയറുമതി എന്നു് വ്യവക്ഷിച്ചിരിക്കുന്നതു് ?

HON'BLE MR. T. K. NARAYANA PILLAI : കയറുമതി എന്നു് പറഞ്ഞാൽ, എന്തർത്ഥമാണോ ഉള്ളതു് അതേ അർത്ഥത്തിൽതന്നെയാണു് ഞാനും ആ പദം ഉപയോഗിച്ചിരിക്കുന്നതു്.

MR. T. A. ABDULLA : വൈക്കത്തുള്ള കോവാപ്പറേറീവു മാർക്കറ്റിംഗ് സൊസൈറ്റിയുടെ കഴിഞ്ഞ ആണ്ടത്തെ കണക്കു് ഓഡിറ്റു ചെയ്തതു് ആരാണു് ?

LIBRARY ARCHIVES Kerala Legislative Assembly

HON' BLE. MR. T. K. NARAYANA PILLAI : ആ ചോദ്യം ഇവിടെ സംഗതമല്ലാത്തതുകൊണ്ട് അതിന് ഉത്തരം പറയുവാൻ ഇപ്പോൾ എനിക്കു നിവൃത്തിയില്ല.

MR. ABDUL AZIZ : കോവാപ്പറേറീവു സൊസൈറ്റികളെസംബന്ധിച്ചുള്ള കണക്കുകൾ ശരിയായി ആഡിറു ചെയ്യുന്നതിന് പ്രത്യേകം ചില ഏർപ്പാടുകൾ ചെയ്യേണ്ടതാണെന്ന് ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : കോവാപ്പറേറീവു സൊസൈറ്റികളെ പൊതുവെ ബാധിക്കുന്ന ഒരു ചോദ്യത്തിന് ഉത്തരം പറയുമ്പോൾ ഈ ചോദ്യത്തിന് ഉത്തരംപറയുവാനെ നിവൃത്തിയുള്ളൂ.

ആലപ്പുഴ മുനിസിപ്പൽ കമ്മീഷണരുടെ നിയമനം.

1. *24. MR. K. SARANGADHARAN : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട സ്വയംഭരണസ്ഥാപനമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആലപ്പുഴ മുനിസിപ്പൽ സ്റ്റാഫ് അംഗങ്ങളിൽ ആരെങ്കിലും മുനിസിപ്പൽ കമ്മീഷണർ നടത്തിയ നിയമനത്തെപ്പറ്റി ഗവണ്മെൻറിലേക്കു അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറു അതിന്മേൽ എന്തു നടപടി നടത്തി?

HON' BLE MR. N. KUNJURAMAN : (a) NO.

(b) Does not arise.

MR. K. SARANGADHARAN : അങ്ങനെ ഏതെങ്കിലും ഒരു പരാതി ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ?

HON' BLE. MR. N. KUNJURAMAN. : ഉണ്ട്.

MR. K. SARANGADHARAN : ആ പരാതി എന്നാണ് ഗവണ്മെൻറിനു കിട്ടിയതു?

HON'BLE. MR. N. KUNJURAMAN : [illegible].

MR. P. S. MUHAMMED : മുനിസിപ്പാലിറ്റിയിലേക്കു നടത്തുന്ന നിയമനങ്ങളെസംബന്ധിക്കുന്ന വല്ലനിയമങ്ങളും നിലവിലിരിക്കുന്നുണ്ടോ?

HON'BLE MR. N. KUNJURAMAN. : ഉണ്ട്.

MR. K. SARANGADHARAN : ആ പെറിഷൻറെ അസ്സലും പകർപ്പും ഗവണ്മെൻറിലേക്കു സമർപ്പിക്കുന്ന പതിവില്ലേ?

LIBRARY ARCHIVES Kerala Legislative Assembly